**മംഗളവാർത്താക്കാലം മൂന്നാം ഞായർ**

**ലൂക്കാ 1:57-66**

**മൺപാത്രത്തിലെ നിധി**

റവ. ഫാ. പീറ്റർ തോമസ് കപ്പൂച്ചിൻ

മനുഷ്യന്റെ പ്രതീക്ഷകൾ അസ്തമിക്കുന്നിടത്തുനിന്ന് ദൈവം ആരംഭിക്കുന്നതിന്റെ കഥകളാണ് നാം ഇന്ന് വായിച്ചുകേട്ട വചനഭാഗങ്ങളുടെ സാരസംഗ്രഹം.

കുഞ്ഞുങ്ങളാണ് കുടുംബത്തിന്റെ വെളിച്ചം. അവരാണ് നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. പൂർവപിതാവായ അബ്രഹാമും സാറയും ദാൻ ഗോത്രക്കാരനായ മനോവയും അദ്ദേഹത്തിന്റെ ഭാര്യയും പുരോഹിതഗണത്തിൽപ്പെട്ട സഖറിയാസും എലിസബത്തും സന്താനങ്ങൾ ഇല്ലാത്തതിന്റെ കയ്പ് ഏറെ അനുഭവിച്ച ദമ്പതികളായിരുന്നു. സമൂഹത്തിന്റെ കുത്തുവാക്കുകളും ഒറ്റപ്പെടുത്തലുകളും ആക്ഷേപങ്ങളും അവർ ഏറെ അനുഭവിച്ചു. പക്ഷേ അവരുടെ കണ്ണീരും പ്രാർത്ഥനയും ദൈവത്തിനു മുൻപിൽ പാഴായി.

ഇന്നത്തെ വചനം നമുക്കു നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട സന്ദേശം കണ്ണീരോടെ ദൈവത്തിന്റെ പക്കൽ അഭയം തേടുന്നവർക്ക് അവൻ ഒരു അദ്ഭുതം കരുതിവച്ചിട്ടുണ്ട് എന്നുള്ളതാണ്. രണ്ടാമതായി, ഭൂമിയിൽ ജനിക്കുന്ന ഓരോ മനുഷ്യനും ചെയ്തു തീർക്കാൻ ഒരു ദൗത്യം ഉണ്ടെന്നുള്ളതാണ്. ആ ദൗത്യം ഒരാൾക്ക് പൂർത്തിയാക്കാൻ കഴിയുന്നത് അയാൾ ദൈവം നൽകിയ കൃപയെ നഷ്ടപ്പെടുത്താതെ സൂക്ഷിക്കുമ്പോഴാണ്.

ദൈവം നൽകിയ കൃപ നഷ്ടപ്പെടുത്തിയ ഒരാളെയും അവസാനം വരെ ആ കൃപയിൽ നിലനിന്ന മറ്റൊരാളെയും തിരുവചനം ഇന്നു പരിചയപ്പെടുത്തുന്നു. കൃപ നഷ്ടപ്പെടുത്തിയ ആൾ മനോവയുടെ മകൻ സാംസനാണ്. ഒറ്റക്ക് ആയിരംപേരുടെ സൈന്യത്തെ വധിക്കാനുള്ള ശക്തി അവനുണ്ടായിരുന്നു. ആശക്തി ദൈവത്തിന്റെ ചൈതന്യമായിരുന്നു. ആ ചാതന്യം നഷ്ടപ്പെടാതിരിക്കാൻ ദൈവം ചില ഉപാധികൾ നൽകിയിരുന്നു. എന്നാൽ ശരീരതൃഷ്ണകൾക്ക് വഴങ്ങി, ഒരു സ്ത്രീയുടെ വാക്കുകേട്ട് ആ വ്രതങ്ങൾ അവൻ ലംഘിച്ചപ്പോൾ ദൈവത്തിന്റെ ആത്മാവ് അവനെ വിട്ടുപോയി. ശത്രുക്കൾ അയാളെ കീഴടക്കിബന്ധിച്ചു. കർത്താവിന്റെ ചൈതന്യം ഇല്ലെങ്കിൽ നമ്മൾ പ്രത്യേകതകൾ ഒന്നുമില്ലാത്ത വെറും മനുഷ്യരായി മാറിപ്പോകുന്നു.

ഇന്നത്തെ സുവിശേഷം തനിക്കു ലഭിച്ച ചൈതന്യം വ്രതശുദ്ധിയോടെ സൂക്ഷിച്ച ഒരാളുടെ ഒരു ജനനത്തെക്കുറിച്ചാണ് പറയുന്നത്. വീഞ്ഞിനോടും ലഹരിവസ്തുക്കളോടും അകലം പാലിച്ച്, കർക്കശമായ ജീവിതശൈലിയിലൂടെയും മരുഭൂമിയിലെ കഠിനമായ തപസ്സിലൂടെയും തനിക്കു ലഭിച്ച ആ ചൈതന്യം അദ്ദേഹം കാത്തുസൂക്ഷിച്ചു. ആ വിശ്വസ്തതയ്ക്ക് ക്രിസ്തു അയാൾക്ക് ഒരു വിശേഷണം നൽകി 'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏറ്റവും വലിയവൻ' അത് സഖറിയാസിന്റെ മകൻ യോഹന്നാനായിരുന്നു.

ഒരാൾ മനുഷ്യരുടെ ഇടയിൽ പരാജയപ്പെട്ടു പോയവനും മറ്റൊരാൾ മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠനുമായി മാറിയത് അവർക്ക് ലഭിച്ച കൃപ കൈകാര്യം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്; മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഓരോ മനുഷ്യനിലുമുള്ള ഒരു സാധ്യതയാണ് 'സാംസണും യോഹന്നാനും'. സാംസന്റെ സാധ്യത തിരഞ്ഞെടുക്കാൻ എളുപ്പമാണ്. ആ സാധ്യതയിലേക്കാണ് മനുഷ്യന്റെ സ്വാഭാവികമായ ചായ്‌വ്. എന്നാൽ യോഹന്നാന്റെ സാധ്യത ഒരു ഇടുങ്ങിയ വഴിയിലൂടെയുള്ള നടത്തമാണ്. ശരീരത്തിന്റെ ആഗ്രഹങ്ങൾ അതിജീവിക്കാനുള്ള വലിയ ശ്രമം അതിന് ആവശ്യമുണ്ട്. അത്തരമൊരു സാധ്യത തിരഞ്ഞെടുക്കാൻ രണ്ടു കാര്യങ്ങൾ വേണ്ടതുണ്ട്. ഒന്ന്, ദൈവം നൽകിയ കൃപയോട്

കൃതജ്ഞതയുള്ളവരായിരിക്കുക. രണ്ട്, നൽകപ്പെട്ട കൃപയെക്കുറിച്ച് അവബോധനം ഉള്ളവരായിരിക്കുക.

യോഹന്നാൻ തനിക്കു ലഭിച്ച കൃപയെക്കുറിച്ച് എപ്പോഴും കൃതജ്ഞത ഉള്ളവനായിരുന്നു. ആ കൃതജ്ഞതാബോധം യോഹന്നാന് ലഭിച്ചത് മാതാപിതാക്കളിൽ നിന്നായിരിക്കണം. ദൈവം നൽകിയ അനുഗ്രഹം ഒരിക്കലും അവർ മറന്നുകളഞ്ഞില്ല. അതുകൊണ്ടാണ് തങ്ങൾക്ക് ഒരു കുഞ്ഞു ജനിച്ചു കഴിഞ്ഞപ്പോൾ 'ദൈവകൃപ' എന്നർത്ഥമുള്ള 'യോഹന്നാൻ' എന്ന പേര് അവർ അവന് നൽകിയത്. നാടും നാട്ടുകാരും എന്തു വിചാരിക്കും എന്നുനോക്കാതെ തങ്ങൾക്ക് ദൈവത്തോടുള്ള കൃതജ്ഞത ലോകത്തോട് വെളിപ്പെടുത്താനാണ് അവർ തീരുമാനിച്ചത്. ദൈവം നൽകിയ നന്മകൾ ഹൃദയത്തിൽ നന്ദിയോടെ സൂക്ഷിക്കുന്നവർ എന്നും ദൈവത്തോട് വിധേയപ്പെട്ടു ചേർന്നുനിൽക്കും. ആ കൃതജ്ഞതാബോധമാണ് യോഹന്നാനെ ദൈവത്തോട് എപ്പോഴും വിധേയപ്പെട്ടു നിൽക്കാൻ സഹായിച്ചത്.

വീണ്ടും നൽകപ്പെട്ട കൃപയെക്കുറിച്ച് അവബോധം ഉള്ളവരായിരുന്നു യോഹന്നാനും അവന്റെ മാതാപിതാക്കളും. ആറ്റുനോറ്റുണ്ടായിരുന്ന തങ്ങളുടെ മകൻ താപസജീവിതത്തിന് മരുഭൂമിയിലേക്ക് യാത്രയാകുമ്പോൾ അവനെ അവർ തടയാതിരുന്നത് അതുകൊണ്ടാണ്. യോഹന്നാനാകട്ടെ സ്വീകരിച്ച കൃപ അത്രമേൽ ശ്രേഷ്ഠമാണെന്ന ബോധ്യത്തോടെ ഈ ലോകകൗതുകങ്ങളിൽ കുടുങ്ങി അത് കൈമോശം വരാതിരിക്കാൻ ശരീരത്തെ കഠിനശിക്ഷണത്തിലൂടെ പാകപ്പെടുത്തിക്കൊണ്ടിരുന്നു. സമയമായപ്പോൾ രക്ഷകന് വഴിയൊരുക്കാൻ വന്നവനാണെന്ന് ലോകത്തോട് വിളിച്ചുപറഞ്ഞു. അതുമാത്രമാണ് തന്റെ ദൗത്യം എന്ന് അറിഞ്ഞ് പിന്നാലെ വരുന്നവന് പരാതികളൊന്നുമില്ലാതെ വഴിമാറിക്കൊടുത്തു.

തന്റെ ഐഡന്റിറ്റിയെക്കുറിച്ചുള്ള അവബോധമാണ് വഴിതെറ്റി പോകാതിരിക്കാൻ യോഹന്നാനെ പ്രാപ്തനാക്കിയത്. നമ്മുടെ ഐഡന്റിന്റി മറന്നുപോകുന്നതുകൊണ്ടാണ് കൃപക്ക് ചേരാത്ത ജീവിതം നമ്മിൽ നിന്നുണ്ടാകുന്നത്. നമ്മളോരോരുത്തരും മാമ്മോദീസായിലൂടെ ദൈവത്തിന്റെ കൃപ സ്വീകരിച്ചവരാണ്. ആ ദൈവത്തിന്റെ മക്കളാണ് എന്നതാണ് നമ്മുടെ സ്വത്വം. അതു മറന്നുപോകുന്നതു കൊണ്ടാണ് ദൈവമക്കൾക്ക് ചേരാത്ത പ്രവൃത്തികൾ നമ്മിൽനിന്ന് ഉണ്ടാവുന്നത്. നമ്മൾ ദൈവമക്കളാണെന്ന് ബോധ്യമുണ്ടെങ്കിൽ, കൃപ സ്വീകരിച്ചവരാണ് എന്ന ഓർമ്മയുണ്ടെങ്കിൽ ദൈവത്തിനു നിരക്കാത്ത ജീവിതം നമുക്കു നയിക്കാനാവില്ല. വ്യക്തിപരമായ പ്രാർത്ഥന, വചനവായന, കൂടെ കൂടെ ചൊല്ലുന്ന സുകൃതജപങ്ങളൊക്കെ, നമ്മൾ ദൈവത്തിന്റെ മക്കളാണ് എന്ന് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. അതു നമ്മെ എന്നും കൃപയിൽ ചേർത്തുനിർത്തും.

ഇപ്രകാരം ലഭിച്ച കൃപയ്ക്ക് ദൈവത്തോടെന്നും കൃതജ്ഞതാഭരിതരായിരിക്കുമ്പോൾ, നമ്മിലെ ദൈവകൃപയെക്കുറിച്ച് അവബോധമുള്ളവരായിരിക്കുമ്പോൾ യോഹന്നാന്റെ സാധ്യതകളിലേക്ക് നമ്മൾ വളർന്നുകൊണ്ടിരിക്കും; സാംസൺ എന്ന സാധ്യതയെ അതിജീവിക്കുകയും ചെയ്യും.